# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2302** 05.12.2018 -ൽ മറുപടിക്ക്.

## അന്ത്യോദയ റേഷൻ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പ്രയോറിറ്റി കാർഡിൽ ഉൾപ്പെട്ടു കാരണം അന്ത്യോദയ റേഷൻ കാർഡിന് അർഹരാണെങ്കിലും കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭിയ്ക്കാതെ ഉപഭോക്താക്കൾ പ്രയാസമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഗുരുതരമായ രോഗം ബാധിച്ച റേഷൻ കാർഡ് ഉടമകൾക്കും കുടുംബാംഗങ്ങൾക്കും ഇത്തരത്തിൽ ചികിത്സ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് യഥാസമയം ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി അന്ത്യോദയ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) മുൻഗണനാകാർഡുകാർക്കും നിലവിൽ ചികിത്സ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ ഇതിന് വ്യവസ്ഥയുണ്ട്. |
| (സി) പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ വരുന്ന കാർഡ് നം. 2053001499 പ്രകാരമുള്ള ശ്രീമതി നഫീസ, ഓട്ടാമ്പിൽ ഹൗസ്, എടയാറ്റൂർ എന്നവർക്ക് കുടുംബാംഗങ്ങളുടെ ചികിത്സാനുകൂല്യങ്ങൾ അന്ത്യോദയ റേഷൻ കാർഡ് ലഭിക്കാത്തതിനാൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കി നൽകുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷപ്രകാരം അന്ത്യോദയ കാർഡ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) അന്ത്യോദയ കാർഡ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ